# പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1872 15.07.2016 ന് മറുപടിയ്ക്ക്.

## പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബത്തിന് വനം വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബത്തിന് വനം വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ഇതിലേക്ക് സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും, ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും വ്യക്തമാക്കുമോ: | (എ) വനത്തിനുള്ളിൽ വച്ച് പാമ്പുകടിയേറ്റ് മരണം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരമായി അനന്തരാവകാശിക്ക് 5 ലക്ഷം രൂപയും, വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണം സംഭവിക്കുകയാണെന്നുണ്ടെങ്കിൽ നഷ്ടപരിഹാരമായി അനന്തരാവകാശിക്ക് 1 ലക്ഷം രൂപയും വനം വകുപ്പ് നൽകി വരുന്നു. ആയതിലേക്ക് ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്. സംഭവ സ്ഥലത്തിന്റെ അധികാര പരിധിയിലുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br>1. നിശ്ചിത ഫോമിലുള്ള അപേക്ഷ.<br>2. മെഡിക്കൽ സർട്ടിഫിക്കറ്റ്<br>3. പോസ്റ്റ്മോർട്ടം റിപ്പോർട്ട്<br>4. അപേക്ഷകന്റെ തിരിച്ചറിയൽ കാർഡിന്റെ ശരിപ്പകർപ്പ്<br>5. പാമ്പുകടിയേറ്റ് മരണം സംഭവിച്ച വ്യക്തിയുടെ മരണസർട്ടിഫിക്കറ്റ്<br>6. അനന്തരാവകാശ സർട്ടിഫിക്കറ്റ്. |
| (ബി) പ്രസ്തുത ആനുകൂല്യം | (ബി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിലേക്കായി |

ലഭിക്കുന്നതിലേക്കായി ശ്രീമതി ജലജ.സി., ജലജ വിലാസം, ആശാരിമുക്ക്, പൂതക്കുളം, കൊല്ലം ഏന്നയാളുടെ അപേക്ഷ 16.7.2015-ന് 653/VIP/15 എന്ന നമ്പരിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭിച്ചിരുന്നുവോ; വിശദാംശം അറിയിക്കുമോ;

ശ്രീമതി.ജലജ.സി, ആശാരിമുക്ക്, പൂതക്കുളം, കൊല്ലം എന്നയാളുടെ അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) അപേക്ഷകയുടെ മകൻ ആർ. അജിത്ത്, പാമ്പ് കടിയേറ്റു മരിച്ചതുമായി ബന്ധപ്പെട്ട് ടിയാൾ നൽകിയ അപേക്ഷയിന്മേൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഉത്തരം (ബി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) ഈ കുടുംബത്തിന് ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

(ഡി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.